പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139 — 14.12.2012-ന് മറുപടിക്ക്

## മാലിന്യ സംസ്കരണ പദ്ധതികളും മാലിന്യ നിർമ്മാർജ്ജനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>,, എസ്. ശർമ്മ<br>,, ബി. സത്യൻ<br>,, പി. ശ്രീരാമകൃഷ്ണൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നതും, മാലിന്യ സംസ്കരണ പദ്ധതികൾ അവതാളത്തിലായിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അലംഭാവം കാരണം മാലിന്യ സംസ്കരണ പദ്ധതികൾ അവതാളത്തിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) മാലിന്യനിർമ്മാർജ്ജനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാത്രം ജോലിയാണെന്ന നിലപാട് തിരുത്താൻ തയ്യാറാകുമോ;<br><br>സി) മാലിന്യസംസ്കരണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) & സി) മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയമപരമായ ഉത്തരവാദിത്വമാണ്. അവരുടെ നിയമപരമായ ഉത്തരവാദിത്വം നടപ്പിലാക്കുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള സഹായം ആവശ്യമുണ്ടെന്ന് കണ്ടതിനാൽ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| ഡി) ഇക്കൊല്ലം ഇതിനായി ലക്ഷ്യമിട്ട പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കപ്പെട്ടിട്ടുണ്ടോ; ഈ രംഗത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ വിശദമാക്കുമോ? | ഡി) ഉണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സഹായിക്കാനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2009-10ൽ 91 ലക്ഷം രൂപയും, 2010-11ൽ 131 ലക്ഷം രൂപയും മാത്രമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിരുന്നതെങ്കിലും 2011-12 വർഷത്തിൽ 49.5 കോടി രൂപ അവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇക്കൊല്ലം അത് 177 കോടി രൂപയായി ഉയർത്തിയി |

ട്ടുമുണ്ട്. ഇതിൽ ഏറ്റവും അധികം പ്രാധാന്യം നൽകി വരുന്നത് ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും, നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ നവീകരിക്കുന്നതിനുമാണ്. നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പ്ലാന്റുകൾ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പി.പി. പി അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നു വരുന്നു. എന്നാൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപടികൾ എടുക്കുമ്പോൾ പൊതുജനങ്ങളുടെ ഭാഗത്ത് നിന്നുണ്ടായികൊണ്ടിരിക്കുന്ന ശക്തമായ എതിർപ്പ്, പ്രധാന തടസ്സമായി മാറുന്നു. കൂടാതെ ജനപ്രതിനിധികളുടെ ഭാഗത്തു നിന്നും തങ്ങളുടെ സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള പ്ലാന്റുകൾ പാടില്ലാ എന്നുള്ള ശക്തമായ എതിർപ്പും പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമായികാണുന്നുണ്ട്.

സെക്ഷൻ ഓഫീസർ